(2) പ്രോജക്ട് മാനേജ്മെന്റ് രീതികളിൽ പരിചയം

(3) ഇതനുസരിച്ച് പ്രമുഖ പത്രങ്ങളിൽ തസ്തികയുടെ വിവരങ്ങൾ പ്രസിദ്ധം ചെയ്യുകയും ലഭിച്ച അപേക്ഷകൾ പരിശോധിച്ച് നിർദ്ദിഷ്ട അടിസ്ഥാന യോഗ്യതകൾ ഉള്ള അപേക്ഷകരിൽനിന്നും ഇന്റർവ്യൂ നടത്തിയാണ് നിയമനം നടത്തിയിട്ടുള്ളത്.

ശ്രീ. ടി.പി. സുധാകരൻ (മണി ഭവൻ, മുഴക്കുന്നു ബസാർ പോസ്റ്റ്, കണ്ണൂർ) എന്നയാളാണ് ഈ തസ്തികയിൽ നിയമിക്കപ്പെട്ടിട്ടുള്ളത്. ഇദ്ദേഹത്തിന് മേൽപ്പറഞ്ഞ അടിസ്ഥാന യോഗ്യതകളെല്ലാം ഉണ്ട്. കൂടാതെ പ്രീ-ഡിഗ്രി പരീക്ഷ പാസ്സായി ബി.എസ്.സി. (കെമിസ്ട്രി) കോഴ്സ് പൂർത്തിയാക്കിയിട്ടുണ്ട്. പ്രോജക്ട് മാനേജ്മെന്റിലും പരിചയമുണ്ട്.

(ഡി) 1. സി-ഡിറ്റ് ഏറ്റെടുത്തിട്ടുള്ള വികേന്ദ്രീകൃതാസൂത്രണത്തിനു വേണ്ടി വിവര വ്യവസ്ഥ തയ്യാറാക്കുന്ന സ്ലൈഡ് (slide) പ്രോജക്ടിന്റെ ഭാഗമായി പഞ്ചായത്ത് തലത്തിൽ വിവര പരിശീലന പരിപാടികൾ സംഘടിപ്പിക്കുക. 1998-99-ൽ കുമരകം പഞ്ചായത്തിലാണ് ഈ പ്രവർത്തനം നടത്തിയത്.

(2) ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട സ്കീമുകളെ അടിസ്ഥാനമാക്കി പ്രാദേശികതലത്തിൽ ഗവേഷണ പരിപാടികളുടെ ഏകോപനം.

31 (3484) സി-ഡിറ്റിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവർ

<u>ശ്രീ. ജോർജ് ജെ. മാത്യു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി-ഡിറ്റിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ട്;

(ബി) ഇവരിൽ കെൽട്രോണിൽനിന്നുള്ള ആരെങ്കിലും ഉൾപ്പെടുന്നുണ്ടോ;

(സി) എങ്കിൽ ഇദ്ദേഹത്തിന്റെ ഡെപ്യൂട്ടേഷൻ കാലാവധി എതുവരെയാണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 5 പേർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ട്.

(ബി) ഉണ്ട്.

(സി) ഇദ്ദേഹത്തിന്റെ ഡെപ്യൂട്ടേഷൻ 30.4.97-ൽ തുടങ്ങി. 30.4.1998-ൽ ഒരു വർഷത്തേയ്ക്ക് കാലാവധി നീട്ടി 30.4.99 മുതൽ ഡെപ്യൂട്ടേഷൻ നീട്ടുന്നതിനുവേണ്ടിയുള്ള അപേക്ഷ സി-ഡിറ്റ് പരിഗണിച്ചുവരുന്നു.

32 (3485) സി-ഡിറ്റിലെ രജിസ്ട്രാർ

<u>ശ്രീ. വി.ജെ. പൗലോസ്</u> :

<u>ശ്രീ. ജോർജ് ജെ. മാത്യു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly